കായംകുളം ജലയോര വിശ്രമകേന്ദ്രം

201 (203) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസം-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് ഈയിടെ ഉദ്ഘാടനം ചെയ്ത ജലയോര വിശ്രമ കേന്ദ്രത്തിന്റെ അവസാന മിനുക്കുപണികൾ നടത്തി താമസ ഭക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) താമസമുറികൾ എയർകണ്ടീഷൻ ചെയ്യുന്നുണ്ടോ ;

(ഡി) ഗ്രൗണ്ട് വൃത്തികേടാക്കാതിരിക്കാൻ മണലും അതിനുമേലെ ഉരുളൻ ചരലും വിരിച്ച് ഭംഗിയാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത ജലയോര വിശ്രമ കേന്ദ്രത്തിൽ കേന്ദ്രസഹായത്തോടെ വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(എഫ്) ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എ നൽകിയിട്ടുള്ള നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കായംകുളം ജലയോര വിശ്രമകേന്ദ്രത്തിന്റെ പണി പൂർത്തിയാക്കുകയും താമസം, ഭക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കുവേണ്ടി അത് ആലപ്പുഴ ഡി.റ്റി.പി.സി.യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല .

(ഡി) ഗ്രൗണ്ട് വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ&എഫ്) കായംകുളം എം.എൽ.എ. നൽകിയ നിവേദനമനുസരിച്ച് പ്രസ്തുത ജലയോര വിശ്രമ കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ വാട്ടർ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആലപ്പുഴ ഡി.റ്റി.പി.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം

202 (204) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസം-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഓഫീസുകൾ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly